## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *157 | 05-12-2018 -ൽ മറുപടിക്ക്

### പ്രളയം മൂലം കനത്ത ആഘാതമേൽക്കേണ്ടിവന്ന മേഖലകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ. ജി.എസ്.ജയലാൽ<br>ശ്രീ.കെ. രാജൻ<br>ശ്രീ.എൽദോ എബ്രഹാം | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | പ്രളയം മൂലം കനത്ത ആഘാതമേൽക്കേണ്ടിവന്ന മേഖലകൾ ഏതെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | എ) | 2018 ആഗസ്റ്റ് മാസം 8-ാം തീയതി മുതൽ അതിരൂക്ഷമായി സംസ്ഥാനത്തെ ഗ്രസിച്ച പ്രളയത്തിൽ സമസ്ത മേഖലകളും ബാധിക്കപ്പെട്ടിട്ടുണ്ട്. വെള്ളപ്പൊക്കത്തിലും ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും പെട്ട് ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവിതം അതീവ ദുരിതത്തിലായി. നിരവധി പേർ മരണപ്പെട്ടു. വീടുകളും കൃഷിയിടങ്ങളും വളർത്തു മൃഗങ്ങളും വാഹനങ്ങളും ജീവനോപാധികളും വ്യാപാരസ്ഥാപനങ്ങളും വിദ്യാലയങ്ങളും ആശുപത്രികളും റോഡുകളും പാലങ്ങളും ദുരന്തത്തിനിരയായി. 13 ജില്ലകളെ ഏറിയും കുറഞ്ഞും ഇത് ബാധിച്ചിട്ടുണ്ട്. |
| ബി) | വ്യവസായ വാണിജ്യ മേഖലകളിലെയും കാർഷിക മേഖലയിലെയും കനത്ത നഷ്ടത്തിന്റെ പ്രത്യാഘാതം ഏതൊക്കെ രീതിയിൽ ആണെന്ന് വ്യക്തമാക്കുമോ; | ബി) | വ്യവസായ വാണിജ്യ മേഖലകളെയും കാർഷിക മേഖലയേയും പ്രളയം അതീവ ഗുരുതരമായി ബാധിച്ചിട്ടുണ്ട്. മഹാപ്രളയത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന 3590-ൽ പരം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾക്ക് 632 കോടി രൂപയുടെയും ഇടുക്കി, എറണാകുളം, എന്നീ ജില്ലകളിലായി 12 വൻകിട വ്യവസായ യൂണിറ്റുകൾക്ക് 289.40 കോടി രൂപയുടെയും നാശനഷ്ടം ഉണ്ടായിട്ടുണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ അധീനതയിൽ പ്രവർത്തിക്കുന്ന |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾക്ക് 16 കോടി രൂപയുടെ വസ്തു നഷ്ടവും 4.50 കോടി രൂപയുടെ വരുമാന നഷ്ടവും ഉണ്ടായിട്ടുണ്ട്. <br> കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് ആകെ 47.61 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. കൈത്തറി വ്യവസായ മേഖലയിൽ 8 ജില്ലകളിലായി 650 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. <br> വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രളയം സാരമായി ബാധിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്റ്റോക്ക് മെഷീനുകൾ, ഇലക്ട്രിക് സാധനങ്ങൾ, കെട്ടിടങ്ങൾ, എന്നിവയ്ക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രളയം നിമിത്തം ഏകദേശം 39.60 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. <br> കാർഷിക മേഖലയിൽ മഹാപ്രളയത്തിന്റെ ഫലമായി സംസ്ഥാനത്തൊട്ടാകെ 2,36,649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചു പോയിട്ടുണ്ട്. കാർഷിക മേഖലയിൽ 19,001.84/- കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. |
| സി) | വ്യോമയാന മേഖലയിൽ പ്രത്യേകിച്ച് കൊച്ചി രാജ്യാന്തര വിമാനത്താവള ത്തിനുണ്ടായ നഷ്ടം സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ; | സി) | പ്രളയത്തിൽ വ്യോമയാനമേഖലയും സാരമായി ബാധിക്കപ്പെട്ടു. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന് 364 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. വിമാനത്താവളത്തിലെ വിവിധ മേഖലകൾ പൂർവ്വസ്ഥിതിയിൽ ആക്കുവാനുള്ള നടപടി ക്രമങ്ങളും പ്രവർത്തനങ്ങളും കേടുപാടുകളുടെ നിവാരണ പ്രക്രിയകളും നടന്നുകൊണ്ടിരിക്കുകയാണ്. ഈ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചാൽ മാത്രമേ നാശനഷ്ടങ്ങളുടെ കണക്ക് നിജപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| ഡി) | പ്രളയം മൂലം വിവിധ മേഖകളിലുണ്ടായ തിരിച്ചടി ബാങ്കിംഗ് മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | ഡി) | പ്രളയം മൂലം വിവിധ മേഖലകളിലുണ്ടായ തിരിച്ചടി ബാങ്കുകളുടെ ബിസിനസ്സിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പ്രളയ ദുരിതാശ്വാസ നടപടികളുടെ ഭാഗമായി പ്രഖ്യാപിച്ചിട്ടുള്ള മോറട്ടോറിയം, വായ്പ പുനഃക്രമീകരണം എന്നിവ മൂലം വായ്പ തിരിച്ചടവ് വൈകുന്ന സാഹചര്യം ഉള്ളതിനാൽ ബാങ്കുകളുടെ ധനചംക്രമണ നിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. |
| ഇ) | പ്രളയത്തിൽ ജീവനോപാധികൾ നഷ്ടമായവർക്ക് പ്രത്യേക പാക്കേജ് നടപ്പാക്കുമോ; വ്യക്തമാക്കുമോ? | | പ്രളയക്കെടുതിയിൽ തകർന്നുപോയ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിനായി 2019-20 ലെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന പ്ലാനിങ്ങ് ബോർഡിന് മുൻപാകെ സമർപ്പിച്ചിട്ടുള്ളതും പ്രളയക്കെടുതിയിൽ തകർന്നുപോയ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകളുടെ പുനർ നിർമ്മാണത്തിനായി സാമ്പത്തിക സഹായം നല്കുന്നതുമായ പദ്ധതി പ്രകാരം സ്റ്റാർട്ട് അപ്പ് സഹായം, നിക്ഷേപ സഹായം എന്നിങ്ങനെ രണ്ട് ഘട്ടമായാണ് സഹായം നല്കുന്നത്. സ്ഥിര ആസ്തികൾ സ്ഥാപിക്കുന്നതിന് നിക്ഷേപം നടത്തുന്നവർക്ക് 15%മുതൽ 30% വരെ പരമാവധി 20/30 ലക്ഷം എന്ന നിരക്കിൽ സഹായം നല്കുന്നതാണ്. അർഹതപ്പെട്ട തുകയുടെ 50% ആദ്യം നല്കുകയും സ്ഥാപനം പുനർ നിർമ്മിച്ച ശേഷം ബാക്കി തുക നൽകുകയും ചെയ്യുന്നതിനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.<br>ദുരന്ത ബാധിത സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർ സംരംഭം വീണ്ടെടുക്കുന്നതിനായി പുതുതായി ബാങ്കുകൾ വഴി നേടുന്ന വായ്പകളിൽ 6% മുതൽ 8% വരെ പലിശയിളവ് 3 വർഷത്തേയ്ക്ക് ലഭിക്കുന്ന രീതിയിൽ സർക്കാർ സബ്സിഡി ലഭ്യമാക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നതാണ് ഒരു പദ്ധതി. |

| | | | |
|---|---|---|---|
| | | | കൂടാതെ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ചുവടെ ചേർക്കുന്ന പ്രത്യേക ധനസഹായ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>**• ഹ്രസ്വകാല വായ്പാ പദ്ധതികൾ**<br>9% പലിശയ്ക്ക് 3 കോടി രൂപ ഹ്രസ്വകാല വായ്പ നൽകും. ഹ്രസ്വകാല വായ്പയുടെ തിരിച്ചടവ് കാലാവധി 3 വർഷമായി ഉയർത്തിയിട്ടുണ്ട്.<br>പ്രളയബാധിത സ്ഥലങ്ങളിൽ പുതിയ സംരംഭങ്ങൾക്കും പദ്ധതികൾക്കും നടപടികൾക്കുമുള്ള ഫീസ് ഒഴിവാക്കിയിട്ടുണ്ട്.<br><br>**• നിശ്ചിതകാല വായ്പ**<br>പ്രളയ ബാധിത സ്ഥലങ്ങളിൽ നിശ്ചിതകാല വായ്പാ പദ്ധതിയുടെ പലിശ നിരക്കിൽ 1% വരെ ഇളവ് നൽകുകയും നിലവിലെ ഏറ്റവും കുറഞ്ഞ പലിശയായ 9.75 ശതമാനത്തിൽ കൂടാത്ത വിധവുമാണ് ഇത് നടപ്പിലാക്കുക.<br><br>**• നിലവിലെ സംരംഭകർക്ക്**<br>നിലവിലെ സാമ്പത്തിക സഹായം സ്വീകരിച്ച സംരംഭകർക്ക് ഒരു വർഷത്തെ പിഴ പലിശ ഒഴിവാക്കുകയും ആവശ്യകത പരിശോധിച്ച് ഒരു വർഷം വരെ മൊറട്ടോറിയവും വായ്പ തിരിച്ചടവ് കാലാവധി പുതുക്കി നിശ്ചയിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.<br>നിലവിലെ പ്രതിസന്ധി തരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. പ്രത്യേക പാക്കേജ് അനുവദിക്കുന്ന കാര്യം ആലോചിച്ച് തീരുമാനിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ